I/28194/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp:**
**+919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**KERALA WATER AUTHORITY**

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

**PRESENT : Bhandari Swagat Ranveerchand IAS**

വിഷയം: കേരളാ വാട്ടർ അതോറിറ്റി - പെൻഷൻ വിതരണം - പ്രത്യേക പരിഗണനയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ മാനുഷിക പരിഗണന നൽകി പെൻഷൻ ആനുകൂല്യങ്ങൾ ഒരു നിശ്ചിത ശതമാനം കണക്കാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

No.KWA-JB/1794/2023-PDC3 Dated:24-08-2023

---

സൂചന : 1. കമ്മ്യുട്ടേഷൻ ഡി.സി.ആർ.ജി എന്നിവ ലഭിക്കുന്നതിനുവേണ്ടി പെൻഷൻകാർ സമർപ്പിച്ച അപേക്ഷകൾ.

2. ബഹു. ഹൈക്കോടതിയുടെ 20.11.2019 ലെ WP(C) നമ്പർ 18601/2019 കേസിന്റെയും അനുബന്ധ കേസുകളുടെയും വിധി.

**ഉത്തരവ്**

കേരള ജല അതോറിറ്റി അതിന്റെ ഉത്ഭവ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചു വരുന്നത്. ടി റവന്യൂ കമ്മി നിമിത്തം പെൻഷൻകാരുടെയും ജീവനക്കാരുടെയും വിവിധങ്ങളായ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. ആയതിനാൽ റിട്ടയർമെന്റ് സീനിയോറിറ്റി പ്രകാരം ഡി.സി.ആർ.ജി 30.04.2021 വരെ വിരമിച്ച ജീവനക്കാർക്കും കമ്മ്യുട്ടേഷൻ

30.04.2019 വരെ വിരമിച്ച ജീവനക്കാർക്കും മാത്രമേ നൽകുവാൻ സാധിച്ചിട്ടുള്ളു. നിലവിൽ 31.07.2023 വരെ വിരമിച്ച 438 പേർക്ക് ഡി.സി.ആർ.ജി നൽകുവാൻ 40.50 കോടി രൂപയും, 1108 പേർക്ക് കമ്മ്യുട്ടേഷൻ നൽകുവാൻ 147.67 കോടി രൂപയും ആവശ്യമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ഡി.സി.ആർ.ജി ഇനത്തിൽ 22.66 കോടി രൂപയും കമ്മ്യുട്ടേഷൻ ഇനത്തിൽ 33.47 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഡി.സി.ആർ.ജി ഇനത്തിൽ 8.85 കോടി രൂപയും കമ്മ്യുട്ടേഷൻ ഇനത്തിൽ 26.45 കോടി രൂപയുടെയും പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പ്രധാന വരുമാനം വാട്ടർ ചാർജാണ്. നിലവിലെ വരുമാനം ഉപയോഗിച്ച് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ (പ്രതിമാസ പെൻഷനോടൊപ്പം തന്നെ കുടിശ്ശിക തുകകളും) സമയബന്ധിതമായി നൽകുവാൻ കഴിയുന്നില്ല.

റിട്ടയർമെൻറ് സീനിയോറിറ്റി ക്രമം അനുസരിച്ചാണ് വാട്ടർ അതോറിറ്റിയിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത്. എങ്കിലും കാൻസർ, വൃക്ക, കരൾ, ഹൃദയസംബന്ധിയായ അസുഖങ്ങൾ എന്നിവയ്ക്കുള്ള ചികിത്സ, ബാങ്ക് ജപ്തി നടപടികൾ, മക്കളുടെ വിവാഹം, ഉന്നത വിദ്യാഭ്യാസ ചിലവുകൾ തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾക്കായി പെൻഷൻ ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രത്യേക അപേക്ഷകളിന്മേൽ സീനിയോറിറ്റി കണക്കാക്കാതെ മാനുഷികപരിഗണന നൽകി ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20.11.2019 ലെ WP(C) No. 18601/2019 കേസിന്റെയും അനുബന്ധകേസുകളുടെയും പൊതു വിധിപ്രകാരം വിരമിക്കൽ തീയതിയുടെ സീനിയോറിറ്റി ക്രമം പാലിച്ച് മാത്രമേ പെൻഷൻ ആനുകൂല്യങ്ങൾ നൽകാവൂ എന്ന് ഉത്തരവിട്ടിരുന്നതിനാൽ നിലവിൽ വിരമിക്കൽ തീയതിയുടെ സീനിയോറിറ്റി ക്രമം അനുസരിച്ച് മാത്രമാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത്.

കേരള ഹൈക്കോടതിയുടെ പൊതു വിധി പ്രസ്താവത്തിനുശേഷവും ഒട്ടനവധി പെൻഷൻകാർ മേൽ സൂചിപ്പിക്കപ്പെട്ട ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നൽകണമെന്ന് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിൽ ചിലർ ഈ കാലയളവിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മുൻപ് മരണപ്പെട്ടു പോയ സാഹചര്യം ഉൾപ്പെടെ ഉണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന അടിയന്തിര ആവശ്യങ്ങൾക്കായി നൽകുന്ന അപേക്ഷകൾക്ക് മാനുഷിക പരിഗണന നൽകി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രതിമാസം പരമാവധി ഒരു കോടി രൂപ അനുവദിക്കുവാൻ ഉത്തരവാക്കുന്നു. ഈ ആനുകൂല്യങ്ങൾ പെൻഷണർ,

I/28194/2023

പെൻഷണറുടെ ജീവിതപങ്കാളി, മാനസിക വൈകല്യം ബാധിക്കപ്പെട്ടിട്ടുള്ള/കല്യാണം കഴിക്കാത്ത മക്കൾ എന്നിവർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

1. കാൻസർ ചികിത്സ (സ്റ്റേജ് III മുതലുള്ളവർ)
2. ഹൃദയ സംബന്ധിയായ ചികിത്സ (ഓപ്പൺ ഹാർട്ട് സർജറി, ആൻജിയോപ്ലാസ്റ്റി)
3. വൃക്ക രോഗ ചികിത്സ (ഡയാലിസിസിന് വിധേയരാകുന്നവർ)
4. അപകടം മൂലമുണ്ടാകുന്ന മേജർ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർ.
5. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ (ഹൃദയം, കരൾ, വൃക്ക, മുട്ട് , മജ്ജ മാറ്റിവയ്ക്കൽ)
6. ബാങ്ക് ജപ്തി നടപടികൾ (ജപ്തി, പ്രതീകാത്മക ജപ്തി, സർഫ്രാസി)

മേൽ കാണിച്ചിട്ടുള്ളവയ്ക്ക് അടിയന്തിര ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട അധികാരികളിൽ നിന്നും വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതാണ്. ചികിത്സ സംബന്ധിയായ വിഷയങ്ങളിൽ പ്രവേശിക്കപ്പെട്ട ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ്, ആശുപത്രി രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. പ്രത്യേക പരിഗണയ്ക്കായി മേൽ സൂചിക്കപ്പെട്ട ഇനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, ആധികാരികത പരിശോധിച്ച് സീനിയോറിറ്റി ലിസ്റ്റ് പെൻഷൻ വിതരണ സെൽ തയ്യാറാക്കേണ്ടതും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രതിമാസം പരമാവധി ഒരു കോടി രൂപ വരെ വിനിയോഗിക്കേണ്ടതുമാണ്. അതാത് മാസങ്ങളിൽ സീനിയോറിറ്റി ലിസ്റ്റ് അതോറിറ്റിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

Signed by
Bhandari Swagat Ranveerchand
Date: 24-08-2023 18:26:01

Bhandari Swagat
Ranveerchand IAS

MANAGING DIRECTOR

To 1. ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അകൗണ്ട്സ് ഓഫിസർ
2. അകൗണ്ട്സ് ഓഫിസർ പെൻഷൻ വിതരണ സെൽ
3. ചീഫ് ലാ ഓഫിസർ കേരളാ വാട്ടർ അതോറിറ്റി